# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2764

17.06.2019-ലെ മറുപടി

### തലവടി വില്ലേജിൽ കുടിവെള്ള വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി യു. പ്രതിഭ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ, കുട്ടനാട് താലൂക്കിൽ തലവടി വില്ലേജിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും തലവടി വില്ലേജിലെ 8, 9, 10, 11, 12, 13 വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യാൻ കഴിയാത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തലവടി വില്ലേജിൽ കൂടി കടന്നു പോകുന്നത് 1970-കളിൽ സ്ഥാപിച്ച കാലപ്പഴക്കം ചെന്ന പൈപ്പ്ലൈൻ ആയതിനാൽ ഇതിലൂടെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജലവിതരണം നടത്തുവാൻ സാധിക്കുന്നില്ല |
| (ബി) | വർഷങ്ങൾക്കു മുമ്പ് ഇവിടെ ഓവർഹെഡ് ടാങ്ക് പണിതിട്ടും അതിൽ കുടിവെള്ളം സംഭരിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)<br>&<br>(സി) | ഉണ്ട്. 13-ാം ധനകാര്യ കമ്മീഷനിൽപെടുത്തി കുട്ടനാട്ടിൽ നടപ്പാക്കി വരുന്ന 70 കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതിയിൽ തലവടി പഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ നിലവിലെ ശുദ്ധജല വിതരണം വിപുലീകരിക്കുന്നതിനായി 289 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടു കൂടി തലവടിയിലെ ഓവർ ഹെഡ് ടാങ്കിൽ ജലമെത്തിക്കുവാനും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ജലവിതരണം നടത്തുവാനും സാധിക്കും |
| (സി) | എങ്കിൽ ഇത് പ്രവർത്തന സജ്ജമാകുന്നതിനും, തലവടിയിലെ പ്രസ്തുത വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

Renuka Sankar
**സെക്ഷൻ ഓഫീസർ**